ദീപിക

07 May 2020

# ഫിഷ് ലാൻഡിംഗ് സെന്ററുകളുടെ ഓൺലൈൻ ഡേറ്റാബേസ് തയാർ

**കൊച്ചി:** കോവിഡ് ഹോട്ട്സ്പോട്ടുകളുമായുള്ള ദൂരപരിധിക്കനുസരിച്ചു സംസ്ഥാനത്തെ 156 ഫിഷ് ലാൻഡിംഗ് സെന്ററുകളെ വിവിധ നിറവ്യത്യാസങ്ങളിൽ തരംതിരിക്കുന്ന ഓൺലൈൻ ഡേറ്റാബേസ് കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ) പുറത്തിറക്കി.

വെബ്സൈറ്റിൽ ഇൻഫോഗ്രാഫിക്സ് വിഭാഗത്തിൽ നൽകിയിട്ടുള്ള ഡേറ്റബേസിലൂടെ ഓരോ ലാൻഡിംഗ് സെന്ററുകളും ഹോട്ട്സ്പോട്ടുകളുമായി എത്ര അടുപ്പമുണ്ടെന്നു മനസിലാക്കാൻ കഴിയും. മൂന്നു വിഭാഗങ്ങളായാണ് ലാൻഡിംഗ് സെന്ററുകളെ തരംതിരിച്ചിട്ടുള്ളത്. ഹോട്ട് സ്പോട്ടിന്റെ മൂന്ന് കിലോമീറ്റർ പരിധിയിൽ വരുന്നതാണ് ആദ്യവിഭാഗം. മൂന്നു മുതൽ അഞ്ച് കിലോമീറ്റർ പരിധിയിലുള്ള ലാൻഡിംഗ് സെന്ററുകളാണ് രണ്ടാം വിഭാഗത്തിൽ.

അഞ്ച് മുതൽ 10 വരെ കിലോമീറ്റർ പരിധിയിൽ മൂന്നാം വിഭാഗം വരുന്നു. ഹോട്ട് സ്പോട്ടുകളുടെ നിർണയത്തിൽ മാറ്റം വരുന്നതിനനുസരിച്ചു ഡേറ്റബേസിലും മാറ്റം വരുത്തും. മത്സ്യമേഖലയിലെ കോവിഡ് സുരക്ഷാ മുൻകരുതലുകൾ സ്വീകരിക്കുന്നതിന് ജിഐഎസ് ഡേറ്റബേസ് ഏറെ പ്രയോജനകരമാകുമെന്നാണ് പ്രതീക്ഷയെന്ന് സിഎംഎഫ്ആർഐ ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ പറഞ്ഞു.

